**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1973** **12-09-2023 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി. യുടെ മാവേലിക്കര ഡിപ്പോയിൽ പുതിയ കെട്ടിടം നിർമ്മിക്കുവാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി. യുടെ മാവേലിക്കര ഡിപ്പോയിൽ പുതിയ കെട്ടിടം നിർമ്മിക്കുവാൻ എം.എൽ.എ.യുടെ ആസ്തിവികസന പദ്ധതിയിൽ ഉൾപ്പെടുത്തി തുക അനുവദിച്ചിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>പ്രസ്തുത പ്രവൃത്തിയ്ക്കായി 2015-16 നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി മാവേലിക്കര കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ പുതിയ കെട്ടിടം എന്ന പ്രവൃത്തിക്കായി 100 ലക്ഷം രൂപയുടെ ഭരണാനുമതി 16/02/2016-ലെ G.O.(RT) No. 74/2016/Trans ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചെങ്കിലും, ചില സാങ്കേതിക കാരണങ്ങളാൽ മുനിസിപ്പാലിറ്റിയുടെ സ്റ്റോപ്പ് മെമ്മോ പ്രകാരം പ്രവൃത്തി നിറുത്തി വയ്ക്കുകയുണ്ടായി. തുടർന്ന് 12/10/2022-ൽ എം.എൽ.എ.യുടെ സാന്നിദ്ധ്യത്തിൽ നടന്ന യോഗത്തിൽ പ്രസ്തുത പ്രവൃത്തിയ്ക്ക് ചെലവായ തുക കഴിച്ച് ബാക്കി തുക ഉപയോഗിച്ച് ബസ് കാത്തിരിപ്പ് കേന്ദ്രത്തിനോടൊപ്പം കെട്ടിട സമുച്ചയത്തിന്റെ നിർമ്മാണ പ്രവൃത്തികൾക്കായുള്ള നടപടി സ്വീകരിക്കണമെന്ന് നൽകിയ നിർദ്ദേശാനുസരണം ടി പ്രവൃത്തിയ്ക്കായി 92,59,322/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ നടപടികൾക്കായി തുടർ നടപടി സ്വീകരിച്ചിരുന്നു. എന്നാൽ 09/09/2021-ലെ സ.ഉ.(അച്ചടി) നം. 124/2021/ധന നമ്പർ ഉത്തരവ് പ്രകാരം ടി പ്രവൃത്തിയുടെ ഭരണാനുമതി മൂന്ന് വർഷമാണെന്നിരിക്കെ , കാലാവധി അധികരിച്ചിട്ടുള്ളതിനാൽ പുതുക്കിയ ഭരണാനുമതിയ്ക്കായി മാവേലിക്കര എം.എൽ.എ.യുടെ ശിപാർശ കത്തും ടി പ്രവർത്തിക്ക് മുനിസിപ്പാലിറ്റിയുടെ സ്റ്റോപ്പ് മെമ്മോ പിൻവലിച്ച് പ്രവൃത്തി തുടരുന്നതിനുള്ള നിരാക്ഷേപ പത്രവും (NOC) ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടിരിക്കുകയാണ്. ഇത് സംബന്ധിച്ച് കെ.എസ്.ആർ.ടി.സി 07/09/2023-ന് കത്ത് ലഭ്യമാക്കിയിട്ടുണ്ട്. ആയത് പരിശോധിച്ച് തുടർ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ